# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 923 — 29.09.2016-ൽ മറുപടിക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. ജോസഫ്<br>,, ഷാഫി പറമ്പിൽ<br>,, ഹൈബി ഈഡൻ<br>,, റോജി എം. ജോൺ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരായ ബി. പി. എൽ. കുടുംബങ്ങൾക്ക് അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള "എല്ലാവർക്കും വീട്" എന്ന പദ്ധതിയ്ക്ക് 01.02.2016-ലെ സ.ഉ.(എം.എസ്) നം. 06.2016/ഭവനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് 25.02.2016-ലെ സ.ഉ (എം.എസ്) നം.15/2016/ഭവനം-ലൂടെ ഉത്തരവായിട്ടുണ്ട്. |
| (ബി) സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെയും ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത കുടുംബങ്ങളുടെയും കണക്ക് വ്യക്തമാക്കുമോ; | (ബി) സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെയും ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത കുടുംബങ്ങളുടെയും കണക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ശേഖരിച്ചിട്ടില്ല. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നിന്ന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. |

| | | | |
|---|---|---|---|
| (സി) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; മുൻസർക്കാരിന്റെ കാലത്ത് എത്രപേർക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്; | (സി) | ഭൂമി ലഭിക്കുന്നതിനുവേണ്ടി 2,91,757 അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു. ഇതിൽ നിന്നും 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും അതിൽ 58,398 പേർക്ക് ഭൂമി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അനുവദിച്ച ഭൂമി കൈമാറുന്നതിനുള്ള നടപടികൾ പൂർണ്ണമായിട്ടില്ല.<br><br>01.02.2014 മുതൽ 31.03.2014 വരെ വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ പൊതുജന സമ്പർക്ക പരിപാടിയിലും റവന്യു സർവ്വെ അദാലത്തിലും പദ്ധതിയിലേയ്ക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല. |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിച്ച ഭൂമി പൂർണ്ണമായും കൈമാറുന്നതിനും അനുവദിച്ച ഭൂമിയിന്മേൽ ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾക്ക് പരിഹാരം കാണുന്നതിനുമാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ